കോട്ടയം	3
തൃശ്ശൂർ	6
പാലക്കാട്	3
മലപ്പുറം	1
കോഴിക്കോട്	7
കണ്ണൂർ	26
കാസർഗോഡ്	9

പരിക്കു പറ്റിയവരുടെയും നാശനഷ്ടങ്ങളുടെയും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല.

(സി)	സി.പി.എം.	27
	ബി.ജെ.പി.	31
	കോൺഗ്രസ്(ഐ)	6
	ഐ.യു.എം.എൽ.	2
	ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ലീഗ്	1

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

വ്യാപകമായ വാഹന മോഷണം

114 (115) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിൽ കടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തിയിൽ വ്യാപകമായി വാഹന മോഷണം നടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര വാഹനങ്ങൾ ഇതിനകം മോഷണം പോയി എന്നത് വെളിവാക്കാമോ ;

(സി) ഈ മോഷണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വെളിവാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20 വാഹനങ്ങൾ.

(സി) ഉണ്ട്. കടയ്ക്കൽ, ചടയമംഗലം എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്ന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു.

(ഡി) 20 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly